# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 493 — 23.03.2018-ലെ മറുപടി

## ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.എം. ആരിഫ്**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.എൻ. വിജയൻ പിള്ള :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| (എ) പുഴകൾ, തോടുകൾ, കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ പകുതിയിലധികവും മലിനമായതിനാൽ ഉപയോഗയോഗ്യമല്ലാത്തത് കണക്കി ലെടുത്ത് ജലസ്രോതസ്സുകളുടെ മലിനീ കരണം തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) ജലമലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള നടപടികൾ / ശിക്ഷ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ മൂന്നു വർഷം വരെ തടവോ രണ്ടും കൂടിയോ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന വ്യവസ്ഥ കൂട്ടിച്ചേർത്തിട്ടുണ്ട്. (ഓർഡിനൻസ് നം.27/2017, 2017 ഡിസംബർ 7 നോട്ടിഫിക്കേഷൻ നം.24395/ ലെജി.എഫ്2/ 2017/നിയമം)<br><br>നഗര പ്രദേശങ്ങളിൽ നദികൾ/തോടുകൾ എന്നിവയിലെ പാലങ്ങൾ ഒരു പ്രധാന മാലിന്യ നിക്ഷേപ കേന്ദ്രമാണ്. ഇത് തടയുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലങ്ങളുടെ ഇരു വശങ്ങളിലും കമ്പി വേലി നിർമ്മിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് നിർവ്വഹിച്ചു വരുന്നു. ഇത് ഫലപ്രദമായ ഒരു മാർഗ്ഗമായി വിലയിരുത്തുന്നു.<br><br>ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴു ക്കുന്നതിന് ജല നിയമം 1974 പ്രകാരം |

മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നുവെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | മലിനജലനിർമ്മാർജ്ജന സൗകര്യമില്ലാത്തതാണ് കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ മുഖ്യകാരണ മെന്നതിനാൽ മലിനജല നിർമ്മാർജ്ജനത്തിന് കേരള വാട്ടർ അതോറിറ്റിയും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം , കൊച്ചി എന്നീ സ്ഥലങ്ങളിൽ ഭാഗികമായി മലിന ജല നിർമ്മാർജ്ജനത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ സ്വിവറേജ് സംവിധാനം നിലവിൽ ഉണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സിവറേജ് സംവിധാനം പൂർത്തിയായി വരുന്നു. തിരുവനന്തപുരത്തും, കൊച്ചിയിലും കൂടുതൽ പ്രദേശങ്ങളിലേക്ക് സിവറേജ് സംവിധാനം വ്യാപി പ്പിക്കുന്നതിനുള്ള പ്രവൃത്തികൾ 'അമൃത് ' പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിൽ കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP) യിൽ ഉൾപ്പെടുത്തി സിവറേജ് സംവിധാനത്തിന്റെ നിർമ്മാണം വാട്ടർ അതോറിറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും ഗ്രീൻ ട്രിബ്യൂണലിൽ |

കേസ് നിലനിൽക്കുന്നതിനാലും പ്രാദേശികമായ എതിർപ്പുകൾ മൂലവും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

കേരള റൂറൽ വാട്ടർ സപ്ളൈ ആൻറ് സാനിട്ടേഷൻ ഏജൻസി, ജലനിധി പദ്ധതിയിലെ കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളായ പൈപ്പ് കമ്പോസ്റ്റ്, ഗാർഹിക പൊതു ബയോഗ്യാസ് പ്ലാന്റുകൾ, പൊതു ശൗചാലയങ്ങൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ എന്നിവ നിർമ്മിച്ച് നല്കുന്നുണ്ട്. ജലനിധി പദ്ധതികളിലെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഓടകളും നിർമ്മിച്ച് നല്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കായി 21 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നല്കുകയും 18 കോടി രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. Open Defecation Free (ODF) പ്രവർത്തനങ്ങളുടെ ഭാഗമായി ജലനിധി പദ്ധതിയിലുൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ 36,498 ഗാർഹിക കക്കൂസുകൾ 56 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച് നല്കിയിട്ടുണ്ട്. ജലനിധി പദ്ധതിയുടെ കുടിവെള്ള സ്രോതസ്സുകൾ എല്ലാം ആവശ്യമായ മുൻകരുതൽ എടുത്ത് മാലിന്യം കലരുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. തുറന്ന കിണറുകളെ സംരക്ഷിച്ചുകൊണ്ട് ഡ്രൈനേജ് സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(സി) ജലശുദ്ധി പരിശോധിക്കാനായി എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; സ്വകാര്യ കുടിവെള്ള വില്പനക്കാർ ടാങ്കറിലും ജാറിലും വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധി ഉറപ്പാക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്; വ്യക്തമാക്കാമോ?

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പു വരുത്താറുണ്ട് . കൂടാതെ കേ ന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ National Rural Drinking Water Programme (NRDWP) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളായ കിണറുകൾ, ട്യൂബ് വെല്ലുകൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണ നിലവാരം പരിശോധിച്ച് പരിശോധന ഫലം

IMIS വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നു.

ജലനിധി പദ്ധതികളിൽ ജലശുദ്ധി ഉറപ്പാക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ പരിശോധിച്ച് ഗുണമേൻമ ഉറപ്പുവരുത്തി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നല്കുന്നു. മാത്രവുമല്ല പദ്ധതികളിലെ ജലം അതാത് ഗുണഭോക്തൃ സമിതി അംഗങ്ങൾ ജലപരിശോധനകിറ്റ് ഉപയോഗിച്ച് പരി ശോധിക്കുന്നുമുണ്ട്.

ജലഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് വാട്ടർ ക്വാളിറ്റി ഡിവിഷനിൽ എൻ.എ.ബി. എൽ അംഗീകാരമുള്ള ലബോറട്ടറി സംവിധാനങ്ങൾ ഉണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം. കേരളത്തിലെ വിവിധ ജില്ലകളിൽ മൊബൈൽ വാട്ടർ അനാലിസിസ് ലബോറട്ടറി സേവനം നൽകി വരുന്നുണ്ട്. ജലസാമ്പിളുകളിലെ വിവിധ രാസഭൗതിക ഘടകങ്ങളും ബാക്ടീരിയകളുടെ സാന്നിധ്യവും പരിശോധിച്ച് പൂർത്തിയാക്കിയ ശേഷം വിശകലന റിപ്പോർട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കൂടാതെ ഗുണനിലവാര ഘടകങ്ങളുടെ സാന്ദ്രത വാട്ടർ കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

സ്വകാര്യ കുടിവെള്ള വിൽപനക്കാർ വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധി ജലവിഭവ വകുപ്പ് പരിശോധിക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**